'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പൊതു പരിപാടികളിൽ ഹരിത ചട്ടം പാലിക്കണമെന്ന നിർദ്ദേശം നൽകിയും ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ ഉപയോഗിക്കാൻ കഴിയുന്ന ഗ്ലാസുകൾ, പ്ലേറ്റുകൾ തുടങ്ങിയവ ആവശ്യത്തിനനുസൃതമായി വാങ്ങുന്നതിന് തനത് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി)വകുപ്പ്**

G.O.(Rt)No.1863/2019/LSGD തീയതി,തിരുവനന്തപുരം, 29/08/2019

---

പരാമർശം:- 1 05.10.2017-ലെ സ.ഉ (സാധാ) നം.3214/2017/തസ്വഭവ നമ്പർ ഉത്തരവ്

2 04.05.2018 -ലെ 176/ഡി.സി 1/18/തസ്വഭവ നമ്പർ സർക്കുലർ

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.03.2019- ലെ 1071/E2/2016/SMനമ്പർ കത്ത്

**ഉത്തരവ്**

എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളും കപ്പുകളും പ്ലേറ്റുകളും കുപ്പിവെള്ളവും ഫ്ളക്സും പ്ലാസ്റ്റിക്/തെർമോക്കോൾ അലങ്കാരങ്ങളും ഒഴിവാക്കി പകരം ഇത്തരം പരിപാടികളിൽ കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളും പ്രകൃതിസൗഹൃദ അലങ്കാരങ്ങളും ബാനറുകളും ഉപയോഗിക്കണമെന്ന് പരാമർശം (1) & (2) പ്രകാരം നിർദേശം നൽകിയിട്ടുണ്ട്.

2. ജനബാഹുല്യം ഉള്ള ഉത്സവങ്ങൾ, ആഘോഷങ്ങൾ, തീർത്ഥാടനങ്ങൾ തുടങ്ങിയവ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തപ്പെടുമ്പോൾ പങ്കെടുക്കുന്ന ജനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ, ഗ്ലാസുകൾ, പ്ലേറ്റുകൾ തുടങ്ങിയവയുടെ ലഭ്യത കുറവ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിയ്ക്കുന്നുണ്ട് എന്നതിനാൽ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സഹായകരമാകുന്ന രീതിയിൽ ഉപയോഗിക്കാൻ കഴിയുന്ന ഗ്ലാസുകൾ പ്ലേറ്റുകൾ, ജഗ്ഗുകൾ, ട്രേകൾ എന്നിവ ആവശ്യമായ എണ്ണം വാങ്ങി

ഹരിതകർമസേന കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്കായി വാടക ഈടാക്കി ഉപയോഗപ്പെടുത്തുന്നതിന് ഹരിത കേരളം ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർബന്ധമായും വകയിരുത്തേണ്ട പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പൊതു പരിപാടികളിൽ ഹരിത ചട്ടം പാലിക്കണമെന്ന് കർശന നിർദ്ദേശം നൽകിയും ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ ഉപയോഗിക്കാൻ കഴിയുന്ന ഗ്ലാസുകൾ, പ്ലേറ്റുകൾ എന്നിവ ആവശ്യത്തിനനുസൃതമായി വാങ്ങുന്നതിന് തനത് ഫണ്ട് വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

JOINT SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൻ , ഹരിത കേരളം മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ കോർപറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/GSSA/ERSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SMITHA B CHANDRA
Date: 2019.08.30 11:24:36 IST
Reason: Approved

സെക്ഷൻ ഓഫീസർ

~~പകർപ്പ്~~